(ബി) പ്രസ്തുത വ്യവസായ സ്ഥാപനം എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പദ്ധതിക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നിയമന നടപടികൾ ആരംഭിച്ചെങ്കിലും ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ വിവിധ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ്സുകൾ/ഇടക്കാല ഉത്തരവുകൾ തീർപ്പാകാത്തതുമൂലം പദ്ധതിക്കാവശ്യമായ നിയമനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുന്നതിന് 7.18 കോടിരൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

(ബി) നിയമന നടപടികളിന്മേലുള്ള കോടതി കേസ്സുകൾ തീർപ്പാവുകയും മില്ലിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കപ്പെടുകയും ചെയ്യുന്ന മുറയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങാനാവുമെന്ന് കരുതുന്നു.

സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധികൾ

261 (606) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മില്ലുകൾ ആധുനികവൽക്കരിക്കുന്നതിനും പുതിയ മെഷിനറിയും പ്ലാന്റും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശിക ഉണ്ട് ; ഇത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ ;

(ഡി) കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന റിക്കവറികൾ യഥാസമയം സൊസൈറ്റി അടയ്ക്കുന്നുണ്ടോ ; പിടിക്കുന്ന റിക്കവറി തുകകൾ അടയ്ക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ ; ഇക്കാര്യം

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ലഭിച്ചു ; റിക്കവറി ഇനങ്ങൾ അടയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടെ പ്രവർത്തനത്തിനായി താഴെപ്പറയും പ്രകാരം ധനസഹായം നൽകിയിട്ടുണ്ട് :

1	സി.സി.പി.സി. മുഖേന പരുത്തി വാങ്ങുന്നതിന്	2,628.50 ലക്ഷംരൂപ
2	റിപ്പയർ ആന്റ് മെയിന്റനൻസ് ജോലികൾക്കായി	491.72 ലക്ഷം രൂപ
	ആകെ	3120.22 ലക്ഷം രൂപ

കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് 2012-13 കാലയളവിൽ പുനരുദ്ധാരണ സ്പെഷ്യൽ പാക്കേജായി 60 കോടിരൂപ വകയിരുത്തിയിട്ടുള്ളതിൽ ടെക്സ്റ്റൈൽ മില്ലുകൾക്ക് 2792.50 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ വർക്കിംഗ് ക്യാപ്പിറ്റലിനുള്ള മാർജിൻ മണിയായി സഹകരണ മില്ലുകൾക്ക് ആകെ 1364 ലക്ഷം രൂപയും നൽകിക്കഴിഞ്ഞു. ഇതിൽ ബാക്കിത്തുകയായ 8.28 കോടിരൂപ പ്രവർത്തന മൂലധനമായി 2013-14 കാലയളവിൽ ടെക്സ്ഫെഡിന്റെ മെമ്പർ മില്ലുകളായ കൊല്ലം, ആലപ്പി, തൃശ്ശൂർ, മാൽകോടെക്സ്, മലപ്പുറം, കണ്ണൂർ, പ്രിയദർശിനി എന്നീ സ്പിന്നിംഗ് മില്ലുകൾക്ക് നൽകിയിട്ടുണ്ട്. സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന്റെ ഭാഗമായി 2013-14 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന് ടേൺ എറൗണ്ട് പ്രൊപ്പോസൽ 320 ലക്ഷം രൂപയും മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസിന് 100 ലക്ഷം രൂപയും കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന് 180 ലക്ഷം രൂപയും മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് 292.43 ലക്ഷം രൂപയും കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് നവീകരണത്തിനായി 436 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ സ്പിന്നിംഗ് മില്ലുകളുടെ നവീകരണത്തിന്റെ ഭാഗമായി 7 കോടിരൂപ അനുവദിച്ചതിൽ കൊല്ലം മില്ലിന് 150 ലക്ഷം രൂപയും ആലപ്പി മില്ലിന് 100 ലക്ഷം രൂപയും തൃശ്ശൂർ മില്ലിന് 150 ലക്ഷം രൂപയും മലപ്പുറം മില്ലിന് 200 ലക്ഷം രൂപയും കണ്ണൂർ മില്ലിന്

LIBRARY ARCHIVES Kerala Legislative Assembly

100 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ തന്നെ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന് 75.01 ലക്ഷം രൂപയും മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് 160.95 ലക്ഷം രൂപയും കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് 61.15 ലക്ഷം രൂപയും ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന് 80.25 ലക്ഷം രൂപയും തൃശ്ശൂർ മില്ലിന് 106.17 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഏകദേശം 37 വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോട്ടയം ടെക്സ്റ്റൈൽസ്, ഇ.പി.എഫ്, ഇ.എസ്.ഐ. തവണകൾ കൃത്യമായി അടച്ചു കൊണ്ടിരുന്നതും ഗ്രാറ്റുവിറ്റി അധികം വൈകിക്കാതെ ജീവനക്കാർക്ക് നൽകുന്നതുമായിരുന്നു. എന്നാൽ 2011 മുതൽ ആഗോളതലത്തിലും ഇൻഡ്യയിലാകെയും ടെക്സ്റ്റൈൽ മേഖലയിലുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസും നഷ്ടത്തിലായി. എന്നിരുന്നാലും 2014 മേയ് വരെയുള്ള പി.എഫ്., ഇ.എസ്.ഐ. ഗ്രാറ്റുവിറ്റി കുടിശ്ശിക 2014 ആഗസ്റ്റ് മാസത്തിൽ അടച്ചുതീർത്തിരുന്നു. തുടർന്നും ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധി കാരണം താഴെപ്പറയുന്ന തവണകൾ കുടിശ്ശിക വന്നിട്ടുണ്ട് :

ഗ്രാറ്റുവിറ്റി	9.10 ലക്ഷം രൂപ (6 പേർക്ക്)
ഇ.പി.എഫ്.	87.60 ലക്ഷം രൂപ (16 മാസം)
ഇ.എസ്.ഐ.	12.90 ലക്ഷം രൂപ (8 മാസം)

മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുന്നതോടെ, അധികമായി ഉണ്ടാകുന്ന വരുമാനത്തിൽനിന്നും പരമാവധി വേഗത്തിൽ മേൽ കുടിശ്ശികകൾ തീർക്കുന്നതാണ്.

(ഡി) മില്ലിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച സൊസൈറ്റി അടവുകൾക്കും കുടിശ്ശിക ഉണ്ടായിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് മൂന്ന് പരാതികളാണ് ലഭിച്ചിട്ടുള്ളത്. മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുന്നതോടെ അധികമായി ഉണ്ടാകുന്ന വരുമാനത്തിൽനിന്ന് പരമാവധി വേഗത്തിൽ മേൽ കുടിശ്ശിക തീർക്കുന്നതാണ്.

സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടറൈസേഷൻ

262 (607) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly